## VII. ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, 2021-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിലെ ക്ലോസ് 12, 13, 14 എന്നിവയെപ്പറ്റിയാണ് പ്രധാനമായും പറയാനുള്ളത്. ഇതിൽ പ്രധാനപ്പെട്ട വിഷയം എന്താണെന്ന് വച്ചാൽ ഒരാൾ ആപ്ലിക്കേഷൻ കൊടുത്ത് കഴിഞ്ഞാൽ 15 ദിവസം വരെ amendment അങ്ങനെയാണ് കൊണ്ടുപോകുന്നത്. 30 ദിവസം എന്നത് 15 ആക്കി കുറച്ചു. പക്ഷേ വീണ്ടും കമ്മിറ്റിക്ക് 15 ദിവസം സമയം കൊടുത്തിരുന്നു. കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷം is deem to have been given എന്നാണ് പറഞ്ഞിരിക്കുന്നത്. പക്ഷെ അതിനുശേഷം വീണ്ടുമൊരു പതിനഞ്ച് ദിവസംകൂടി കൊടുത്തു. യഥാർഥത്തിൽ നമ്മൾ ഉദ്ദേശിച്ച 30 ദിവസത്തിനുള്ളിൽ പണി ആരംഭിക്കാനുള്ള അനുവാദം കൊടുക്കണമെന്നുള്ളതിന് ആ ഒരു ക്ലോസ് കൊണ്ട് വീണ്ടുമൊരു പതിനഞ്ച് ദിവസംവരെ അപേക്ഷകന് കാത്തിരിക്കേണ്ടി വരുമെന്നൊരു പ്രശ്നമാണ് ഞാൻ ചൂണ്ടിക്കാട്ടിയത്. ക്ലോസ് 14(2)-ലാണ് ഈ പ്രശ്നമുള്ളത്. മറ്റൊരുകാര്യം, ഇതിലെ സർട്ടിഫിക്കറ്റ് എന്നുപറയുന്നത് യഥാർഥത്തിൽ റെസീപ്റ്റാണ്.

റെസീപ്റ്റിനുപകരം സർട്ടിഫിക്കറ്റ് എന്നും നമ്മുടെ ഫോമിൽ അടിച്ചിരിക്കുന്നത് നേരെ വിപരീതവുമാണ്. അത് കറക്റ്റ് ചെയ്തില്ലെങ്കിൽ റെസീപ്റ്റും സർട്ടിഫിക്കറ്റും തമ്മിലുള്ളൊരു ഇഷ്യൂ ഉണ്ടാകുമെന്നതാണ് പ്രധാനമായി പറയാനുള്ളത്. അടുത്തതായി, ട്രഷറിയുമായി ബന്ധപ്പെട്ട വിഷയമാണ്. ട്രഷറിയുമായി ബന്ധപ്പെട്ട് നേരത്തെ റിസർവ് ബാങ്കിന്റെ ഒരു ഡയറക്ഷൻ നിലവിലുള്ളതാണ്. അതായത് 80 വയസ്സുകഴിഞ്ഞ ബാധകമാകുന്ന വിധത്തിൽ പ്രായാധിക്യം ബാധിച്ചവരും ശാരീരിക ബുദ്ധിമുട്ടുള്ളവരുമായ ആളുകൾക്ക് നൽകിയിരിക്കുന്ന ഒരാനുകൂല്യമുണ്ട്. അതിൽ രണ്ട് കാര്യങ്ങളാണുള്ളത്. അതിലൊന്ന് റിസർവ് ബാങ്കിന്റെ ഒരു ഡയറക്ഷൻ നേരത്തെതന്നെ നിലവിലുണ്ട്. കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്കും All State and Central co-operative ബാങ്കുകൾക്കും ഇത് ബാധകമാണെന്നൊരു ഡയറക്ഷൻ നേരത്തെ തന്നെ ഓർഡറിലുൾപ്പെടുത്തിയിട്ടുള്ളതാണ്. മാത്രമല്ല commercial bank-കൾക്കും ഇത് ബാധകമാണ്. അവിടത്തെ ഉദ്യോഗസ്ഥൻ ഇതിനായി വീട്ടിലെത്തി വ്യക്തിയുടെ തമ്പ് ഇംപ്രഷൻ എടുത്താൽ മതി. ഇക്കാര്യം ട്രഷറിക്ക് മാത്രം ബാധകമല്ലാത്തതിനാൽ ട്രഷറിക്കുകൂടി ബാധകമാക്കിയാൽ

പ്രായാധിക്യമുള്ള പ്രത്യേകിച്ച് 80 വയസ്സുകഴിഞ്ഞ എല്ലാവർക്കും ഇത് ബാധകമാക്കുകയാണെങ്കിൽ അവർക്ക് കുറെക്കൂടി പ്രയോജനപ്രദമാകുമെന്നതാണ് ഈ അമെന്റ്മെന്റിന്റെ പ്രധാനപ്പെട്ട ഉദ്ദേശം.

മറ്റൊന്ന്, ക്ഷീരവകുപ്പുമായി ബന്ധപ്പെട്ടതാണ്. പ്രസ്തുത എസ്.ആർ.ഒ.-യിലെ പ്രശ്നമെന്താണെന്നുവച്ചാൽ ആകെയുള്ള മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങളുടെ എണ്ണം പതിനഞ്ചെന്ന് പറയുകയും തുടർന്ന്, താഴെപ്പറയുന്ന അംഗങ്ങളുടെ എണ്ണമെടുത്താൽ അതിൽ 18 പേരുൾപ്പെടുകയും ചെയ്യുന്നുണ്ട്. ചട്ടത്തിൽ 15 എന്ന് പറയുകയും അംഗസംഖ്യയിൽ 18 വരികയും ചെയ്യുമ്പോൾ ഒരു അതിലൊരു വൈരുദ്ധ്യം നിലനിൽക്കുന്നതിനാൽ അത് ഒഴിവാക്കണമെന്നതാണ് പ്രധാനപ്പെട്ട വിഷയം. ബില്ലുമായി ബന്ധപ്പെട്ട മറ്റ് വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഈ ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

(1) 2021 ജൂൺ 28-ാം തീയതിയിലെ ജി. ഒ. (എം. എസ്) നം. 120/2021/എൽ.എസ്.ജി.ഡി. (എസ്.ആർ.ഒ. നം.482/2021) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2021-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് (അമെന്റ്മെന്റ്) റൂൾസ്

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, 2021 ജൂൺ 28-ാം തീയതിയിലെ ജി. ഒ. (എം. എസ്) നം. 120/2021/എൽ.എസ്.ജി.ഡി. (എസ്.ആർ.ഒ. നം. 482/2021) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2021-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് (അമെന്റ്മെന്റ്) റൂൾസ് 2021 ചട്ടങ്ങളിൽ താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

1. In Principal Rule 2(1)(i) proposed to be amended by Rule 2(1)(a) after the word " acknowledgement" the word " receipt" shall be inserted.

2. In the Table under the principal Rule 5(4), against Sl no.5 in Column 3 proposed to be amended by Rule 2(4)(ii) for the word " Panchayat" the words " Panchayat Committee concerned" shall be substituted.

3. In Principal Rule 14(3) proposed to be amended by Rule 2(8)(b) for the words " forty five days" the words " thirty days" shall be substituted.

4. In Principal Rule 15(1) proposed to be amended by Rule 2(9)(a) before the word " acknowledgement" the words " or an" shall be inserted.

5. In Principal Rule 15(2) proposed to be amended by Rule 2(9)(b) for the words " acknowledgement certificate" the words " acknowledgement receipt" shall be substituted.

6. In Principal Rule 15(4) proposed to be amended by Rule 2(9)(c) for the words " acknowledgement certificate" the words " acknowledgement receipt" shall be substituted.

7. In the Marginal Heading of Rule 19A proposed to be inserted in the Principal Rule by Rule 2(10) for the words " acknowledgement certificate" the words " acknowledgement receipt" shall be substituted.

8. In Rule 19A(2) proposed to be inserted in the Principal Rule by Rule 2(10) delete " in Appendix-A1A" .

9. In Rule 19A(2) proposed to be inserted in the Principal Rule by Rule 2(10) In Rule 2(10) for the words " acknowledgement certificate" the words " acknowledgement receipt" shall be substituted.

10. In Rule 99(7) proposed to be inserted in the Principal Rule by Rule 2(16) delete " Institution/" .

11. In the second para occuring after Rule 99(7) proposed to be inserted in the Principal Rule by Rule 2(16) shall be numbered as " (8)" .

12. In the second para of Rule 99(7) proposed to be inserted in the Principal Rule by Rule 2(16) for the words " The fee" the words " The one time fee" shall be substituted.

13. In the second para of Rule 99(7) proposed to be inserted in the Principal Rule by Rule 2(16) after the words " shall be" the word " at" shall be inserted.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, 2021-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ്

(അമെന്റ്മെന്റ്) റൂൾസുമായി ബന്ധപ്പെട്ട എസ്. ആർ. ഒ. നം. 482/2021-ന് ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 4, 13 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു. മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

(2) 2021 ജൂൺ 28-ാം തീയതിലെ ജി. ഒ.. (എം.എസ്.) നം. 121/2021/എൽ.എസ്.ജി.ഡി. (എസ്.ആർ.ഒ. നം. 483/2021) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2021-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (അമെന്റ്മെന്റ്) റൂൾസ്

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): 2021 ജൂൺ 28-ാം തീയതിയിലെ ജി. ഒ. (എം. എസ്)നം. 121/2021/എൽ.എസ്.ജി.ഡി. (എസ്.ആർ.ഒ. നം.483/2021) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2021-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (അമെന്റ്മെന്റ്) റൂൾസ് 2021 ചട്ടങ്ങളിൽ താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

1. In Principal Rule 2(1)(i) proposed to be amended by Rule 2(1)(a) after the word "acknowledgment" the word "receipt" shall be inserted.
2. In the Table under the Principal Rule 5(4), against Sl. no. 5 in Column 3 proposed to be amended by Rule 2(4)(ii) for the word "Municipality" the words "municipality council concerned" shall be substituted.
3. In Principal Rule 14(3) proposed to be amended by Rule 2(8)(b) for the words "forty five days" the words "Thirty days" shall be substituted.
4. In Principal Rule 15(1) proposed to be amended by Rule 2(9)(a) before the word "acknowledgment" the words "or an" shall be inserted.

5. In Principal Rule 15(2) proposed to be amended by Rule 2(9)(b) for the words "acknowledgment certificate" the words "acknowledgment receipt" shall be substituted.
6. In Principal Rule 15(4) proposed to be amended by Rule 2(9)(c) for the words "acknowledgment certificate" the words "acknowledgment receipt" shall be substituted.
7. In the Marginal Heading of Rule 19A proposed to be inserted in the Principal Rule by Rule 2(10) for the words "acknowledgment certificate" the words "acknowledgment receipt" shall be substituted.
8. In Rule 19A(2) proposed to be inserted in the Principal Rule by Rule 2(10) delete "in Appendix-A1A".
9. In Rule 19A(2) proposed to be inserted in the Principal Rule by Rule 2(10) for the words "Acknowledgment Certificate" the words "Acknowledgment Receipt" shall be substituted.

10. In Rule 19B(1) proposed to be inserted in the Principal Rule by Rule 2(10) for the words " as intimate to the authority" the words " shall intimate the authority concerned" shall be substituted.
11. In Rule 99(7) proposed to be inserted in the Principal Rule by Rule 2(15) delete " Institution/" .
12. The second paragraph occuring after Rule 99(7) proposed to be inserted in the Principal Rule by Rule 2(15) shall be numbered as sub-rule " (8)" .
13. The second paragraph of Rule 99(7) proposed to be inserted in the Principal Rule by Rule 2(15) for the words " The fee" the words " The one time fee" shall be substituted.
14. The second paragraph of Rule 99(7) proposed to be inserted in the Principal Rule by Rule 2(15) after the words " shall be" the word " at" shall be inserted.
15. In Appendix A1A proposed to be inserted in the Principal Rule by Rule 2(17), in the entry against serial no. 9 for the letters " KPBR" the letters " KMBR" shall be substituted.
16. In Appendix A1A proposed to be inserted in the Principal Rule by Rule 2(17), in the entry against serial no. 19 for the words and figures " Kerala Panchayth Building Rules 2019" the words, symbol and figures " Kerala Municipality Building Rules, 2019" shall be substituted.
17. In Appendix A1A proposed to be inserted in the Principal Rule by Rule 2(17), in the entry against serial no. 19 for the words and figures " Kerala Panchayath Raj Act, 1994" the words, symbol and figures " Kerala Municipality Act, 1994 (20 of 1 994)" shall be substituted.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, 2021-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് (അമെന്റ്മെന്റ്) റൂൾസുമായി ബന്ധപ്പെട്ട എസ്. ആർ. ഒ. നം. 483/2021-ന് ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 4, 10, 14, 15, 16, 17 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു. മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

(3) 2020 ജൂലൈ 01-ാം തീയതിയിലെ സ. ഉ. (അച്ചടി) നം. 89/2020/ധനം. (എസ്.ആർ.ഒ. നം. 726/2020) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2020-ലെ കേരള ട്രഷറി (ഒന്നാമത് ഭേദഗതി) ചട്ടങ്ങൾ

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): 2020 ജൂലൈ 01-ാം തീയതിയിലെ സ.ഉ. (അച്ചടി) നം. 89/2020/ധനം.(എസ്.ആർ.ഒ. നം.726/2020) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2020-ലെ കേരള ട്രഷറി (ഒന്നാമത് ഭേദഗതി) ചട്ടങ്ങളിൽ താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

1. In Rule 19, Note 2 of Appendix 3 of the Kerala Treasury Rules, 1963-Volume II, proposed to be amended by Rule 2, after the words "holder is", the words and symbol "above eighty years of age, on his request or" shall be inserted.

2. In Rule 19, Note 2 of Appendix 3 of the Kerala Treasury Rules, 1963-Volume II, proposed to be amended by Rule 2, after the word "Parliament", the words "or the thumb impression is identified by a responsible treasury official as witness" shall be inserted.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഇങ്ങനെയൊരു ഭേദഗതി നോട്ടീസ് നൽകിയ ഡോ. എൻ. ജയരാജിനെ ആദ്യമായി അഭിനന്ദിക്കുകയാണ്. ഇത്തരം കാര്യങ്ങൾ ചെയ്യാനുള്ള ധാരാളം സാധ്യതകൾ ഈ അസംബ്ലിയിൽ നിയമസഭാ സാമാജികർക്കുണ്ട്. അദ്ദേഹത്തിന്റെ ഈ ഉദ്യമത്തിലൂടെ കുറച്ചുകൂടി ഗൗരവത്തോടെ എസ്.ആർ.ഒ. പുറപ്പെടുവിക്കാൻ ഗവൺമെന്റിന്റെ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റ് ശ്രമിക്കുമെന്ന കാര്യം ഉറപ്പാണ്. അദ്ദേഹം പറഞ്ഞിട്ടുള്ള രണ്ട് കാര്യങ്ങളിൽ 80 വയസ്സ് കഴിഞ്ഞവർക്ക് ട്രഷറിയിൽനിന്നും പണം പിൻവലിക്കുന്നതിന് ചെറിയ ബുദ്ധിമുട്ടുണ്ട്. നിലവിൽ പ്രായഭേദമന്യേ ഏത് ഇടപാടുകാർക്കും ചെക്കിൽ ഒപ്പ് രേഖപ്പെടുത്താൻ ബുദ്ധിമുട്ട് നേരിടുന്ന പക്ഷം തുക പാസ്സാക്കി നൽകാനുള്ള

അനുമതിയാണ് എസ്.ആർ.ഒ. നമ്പർ 726/2020 ചട്ട ഭേദഗതി പുറപ്പെടുവിച്ചതിലൂടെ സർക്കാർ ലക്ഷ്യമിട്ടത്. എന്നാൽ ഡോ. എൻ. ജയരാജ് അവതരിപ്പിച്ച ഒന്നാം ഭേദഗതി നിർദേശം അംഗീകരിക്കുന്നപക്ഷം, ആയത്, 80 വയസ്സും അതിനുമുകളിൽ പ്രായമുള്ളവർക്കും മാത്രമായി ടി വ്യവസ്ഥ പരിമിതപ്പെട്ടതായി വ്യഖ്യാനിക്കാൻ സാധ്യതയുള്ളതാണ്. അതുകൊണ്ട് പ്രസ്തുത ഭേദഗതി അംഗീകരിക്കേണ്ടതില്ല. രണ്ടാമതായി, നിലവിൽ രോഗിയും ശയ്യാവലംബരുമായ ഇടപാടുകാർക്ക് ട്രഷറി സേവിംഗ്സ് ചെക്കിൽ ഒപ്പിടാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത അക്കൗണ്ട് ഉടമകൾ വിരലടയാളം ചെക്കിൽ പതിച്ച് ഒരു ഗസറ്റഡ് ഓഫീസർ, വില്ലേജ് ഓഫീസർ, ഗ്രാമപഞ്ചായത്തിലെയോ ബ്ലോക്ക് പഞ്ചായത്തിലെയോ ജില്ലാ പഞ്ചായത്തിലെയോ മുൻസിപ്പാലിറ്റിയിലെയോ കോർപ്പറേഷനിലെയോ നിയമസഭയിലെയോ ലോകസഭയിലെയോ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ സാക്ഷ്യപ്പെടുത്തി നൽകിയാൽ അത് പാസ്സാക്കുന്നതിന് ട്രഷറി ഓഫീസറെ അധികാരപ്പെടുത്തിയിട്ടുള്ളതാകുന്നു. പ്രസ്തുത ഗസറ്റഡ് ഓഫീസർ സീനിയർ സൂപ്രണ്ട് മുതലുള്ള ട്രഷറി ഓഫീസർ ഉൾപ്പെട്ടിട്ടുള്ളതാകുന്നു.

എന്നാൽ ഡോ. എൻ. ജയരാജ് എം.എൽ.എ.-യുടെ രണ്ടാം ഭേദഗതി നിർദേശത്തിൽ ട്രഷറി ഒഫിഷ്യൽ എന്ന പദത്തിന് വ്യക്തതയില്ലാത്തതിനാൽ ആയത് ദുർവ്യാഖ്യാനിക്കപ്പെടാൻ സാധ്യതയുള്ളതുകൊണ്ട് പ്രസ്തുത ഭേദഗതിയും അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

**ഡോ. എൻ. ജയരാജ്: സർ, ഞാൻ ഭേദഗതികൾ പ്രസ് ചെയ്യുന്നില്ല.**

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ ഭേദഗതികൾ പിൻവലിച്ചിരിക്കുന്നു.

(4) 2024 ഒക്ടോബർ 2-ാം തീയതിയിലെ സ. ഉ. (അച്ചടി) നം. 52/2024/തസ്വഭവ. (എസ്.ആർ.ഒ. നം. 1104/2024) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2024-ലെ കേരള പഞ്ചായത്ത് രാജ് (മൃഗാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി ചട്ടങ്ങൾ)

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): 2024 ഒക്ടോബർ 02-ാം തീയതിയിലെ സ.ഉ. (അച്ചടി) നം. 52/2024/തസ്വഭവ.(എസ്.ആർ.ഒ. നം.1104/2020) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2024-ലെ കേരള പഞ്ചായത്ത് രാജ്

(മൃഗാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി) ചട്ടങ്ങളിൽ താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

1. ചട്ടം 3(2) ix)-ൽ,-

i) " മൃഗക്ഷേമ സംഘടനയുടെ പ്രതിനിധി" എന്നതിന് ശേഷമുള്ള അല്പവിരാമം (,) നീക്കം ചെയ്യുകയും തൽസ്ഥാനത്ത് "എന്നിവരിൽ നിന്നും" എന്നീ വാക്കുകൾ ചേർക്കുകയും ചെയ്യുക.

ii) "താമസിക്കുന്നവരിൽനിന്നും" എന്നതിനുപകരം "താമസിക്കുന്നതും" എന്നും "നാമനിർദ്ദേശം ചെയ്യുന്ന" എന്നതിനുപകരം "നാമനിർദ്ദേശം ചെയ്യുന്നതുമായ" എന്നും ചേർക്കുക.

2. ചട്ടം 3(3)-ൽ " പ്രധാന വെറ്ററിനറി ആഫീസർ" എന്നതിന് മുമ്പായി "മൃഗാരോഗ്യ സ്ഥാപനത്തിന്റെ" എന്ന് ചേർക്കുക.

3. ചട്ടം 3(4)-ൽ,-

i) "രൂപീകരിച്ചുകൊണ്ട് പഞ്ചായത്തിന്റെ" എന്നതിനുപകരം 'രൂപീകരിച്ചുകൊണ്ട് മാനേജിംഗ് കമ്മിറ്റിയുടെ' എന്ന് ചേർക്കുക.

ii) "വെറ്ററിനറി ആഫീസർ ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതും" എന്നതിനുപകരം "വെറ്ററിനറി ആഫീസറുടെ ശിപാർശ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതും" എന്ന് ചേർക്കുക.

4. ചട്ടം 3(5)-ൽ "കാലാവധി അതത് പഞ്ചായത്ത് കമ്മിറ്റിയുടെ കാലാവധി തീരുന്ന മുറയ്ക്ക് അവസാനിക്കുന്നതാണ്" എന്നതിനുപകരം "കാലാവധി അഞ്ച് വർഷമോ അല്ലെങ്കിൽ

അതത് പഞ്ചായത്ത് കമ്മിറ്റിയുടെ കാലാവധി തീരുന്ന മുറയ്ക്കോ ഏതാണോ അവസാനം സംഭവിക്കുന്നത് അതായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

5. ചട്ടം 3(6)-ൽ "അംഗമായി തീരുന്നതും യഥാസ്ഥാനം വഹിക്കുന്നതുമാണ്" എന്നതിനുപകരം "അംഗമായി തീരുന്നതും ശേഷിക്കുന്ന കാലയളവിലേയ്ക്ക് യഥാസ്ഥാനം വഹിക്കുന്നതുമാണ്" എന്ന് ചേർക്കുക.

6. ചട്ടം 3(8)-ൽ "ഉൾപ്പെട്ട ഒരു കുറ്റത്തിന് " എന്നതിനുപകരം "ഉൾപ്പെടെ ഏതെങ്കിലും ഒരു കുറ്റത്തിന് " എന്ന് ചേർക്കുക.

7. ചട്ടം 3(9)-ൽ " (7)-ഉം (8)-ഉം" എന്നതിനുപകരം " (6)-ഉം (7)-ഉം (8)-ഉം" എന്ന് ചേർക്കുക.

8. ചട്ടം 4(1) (i)-ൽ "പ്രത്യേക തരത്തിലുള്ള ആശുപത്രിക്കോ" എന്നതിനുപകരം "പ്രത്യേക തരത്തിലുള്ള മൃഗാശുപത്രിക്കോ" എന്ന് ചേർക്കുക.

9. ചട്ടം 4(1) (iv)-ൽ "ആവശ്യമായ" എന്നതിനുപകരം "മൃഗാരോഗ്യ സ്ഥാപന വികസന ഫണ്ട് എന്ന പേരിൽ ഒരു" എന്ന് ചേർക്കുക.

10. ചട്ടം 4(2)(i)-ൽ "രോഗികളും പൊതുജനങ്ങളും" എന്നതിനുപകരം "പൊതുജനങ്ങൾ" എന്ന് ചേർക്കുക.

11. ചട്ടം 6(4)-ൽ "കാർബൺ പകർപ്പോട് " എന്നതിനുപകരം "പകർപ്പോട് " എന്ന് ചേർക്കുക.

12. ചട്ടം 9(4)-ൽ "വർഷത്തിലൊരിക്കൽ" എന്നതിനുപകരം "അതത് സാമ്പത്തിക വർഷം അവസാനിച്ചശേഷം മൂന്നു മാസത്തിനകം" എന്ന് ചേർക്കുക.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടൊപ്പം ഡോ. എൻ. ജയരാജിനെ അഭിനന്ദിക്കാൻ ഞാനും ആഗ്രഹിക്കുകയാണ്. കാരണം വളരെ സൂക്ഷ്മമായി ചട്ടങ്ങളെല്ലാം പരിശോധിച്ച് നിരന്തരമായി ഭേദഗതികൾ നിർദേശിക്കുന്നതിനായി അദ്ദേഹം നടത്തുന്ന ഗൃഹപാഠം പുതിയ അംഗങ്ങൾക്ക് മാതൃകയാക്കാവുന്നതാണ്. അതുകൊണ്ട് നേരത്തെ അദ്ദേഹത്തെ അഭിനന്ദിക്കാൻ അവസരമുണ്ടായിട്ടുണ്ട്, ഇനിയും ഉണ്ടാകും, കാരണം അദ്ദേഹം ഇനിയും ഭേദഗതികൾ സമർപ്പിക്കും. അദ്ദേഹത്തെ ഒരിക്കൽ കൂടി അഭിനന്ദിക്കുന്നു. ഡോ. എൻ. ജയരാജ് അവതരിപ്പിച്ച എസ്. ആർ. ഒ. നം. 1104/2020-ലെ ഒരു ഭേദഗതിയും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, ഞാൻ ഭേദഗതികൾ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

<u>മി. സ്പീക്കർ</u>: പ്ലീസ്... പ്ലീസ്.... പ്ലീസ്.... നിയമനിർമ്മാണത്തിൽ നടക്കുന്ന കാര്യങ്ങൾ വളരെ മൈന്യൂട്ടായി ബഹുമാനപ്പെട്ട ഡോ. എൻ. ജയരാജ് അവതരിപ്പിക്കുമ്പോൾ അംഗങ്ങൾ പരസ്പരം സംസാരിക്കാതെ അത് മനസ്സിലാക്കുന്നത് നല്ലതാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, കേരള നിയമസഭക്ക് പൊതുവേ അഭിമാനിക്കാവുന്നൊരു കാര്യമാണിത്. കാരണം നമ്മൾ പാർലമെന്റിൽ പ്രവർത്തിക്കുമ്പോൾ സ്റ്റാറ്റ്യൂട്ടറി മോഷൻ കൊണ്ടുവന്നതുതന്നെ ഏറെ കാലത്തിനുശേഷം ചരിത്രത്തിലാദ്യമായിട്ടാണ്. അതിനെ ഒരുത്തുതമായാണ് ഞാനും ശ്രീ. കെ. എൻ. ബാലഗോപാലും അന്ന് അതിനെ കണ്ടിരുന്നത്. പക്ഷേ, കേരള നിയമസഭയിലേയ്ക്ക് വന്നപ്പോൾ ഇവിടത്തെ ഓരോ ചട്ടങ്ങളെയും കുറിച്ചുള്ള ഭേദഗതികൾ കൊണ്ടുവരികയെന്നത് ഒരു സ്ഥിരം രീതിയാണെന്ന് മനസ്സിലായി. പാർലമെന്റിന് മുമ്പ് തന്നെ വളരെ നല്ല രീതിയിൽ കേരള നിയമസഭ

പ്രവർത്തിക്കുന്നുവെന്നുള്ളതിൽ നമുക്കെല്ലാവർക്കും അഭിമാനിക്കാൻ കഴിയുന്ന കാര്യമാണ്.

മി. സ്പീക്കർ: ഈ സഭയ്ക്കകത്ത് നിരവധി അംഗങ്ങൾ ഇത്തരത്തിൽ സ്റ്റാറ്റ്യൂട്ടറി മോഷൻ കൊണ്ടുവന്ന് നിയമനിർമ്മാണത്തിൽ ഇടപെടുന്ന അംഗങ്ങളാണ്. അതുകൊണ്ട് കേരള നിയമസഭ അക്കാര്യത്തിലൊരു മാതൃക തന്നെയാണ്.